# കേരളസർവകലാശാല

നം.പി.ആർ.196/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

ഒന്നാം വർഷ ബിരുദ, പ്രവേശനം 2020

### പുതിയ രജിസ്ട്രേഷനും, ഓൺലൈൻ അപേക്ഷയിൽ തിരുത്തലിനും അവസരം

കേരളസർവകലാശാല ഒന്നാം വർഷ യു.ജി പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് **08.10.2020** മുതൽ **15.10.2020** വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള, എല്ലാവർക്കും ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുന്നതിന് **08.10.2020** മുതൽ **15.10.2020** വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. പുതിയ ഓപ്ഷനുകൾ ചേർക്കാനും, ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും, റീവാല്യൂവേഷൻ, ഗ്രേസ് മാർക്ക് തുടങ്ങി മാർക്കുകളിലെ തിരുത്തലുകൾ, കാറ്റഗറി മാറ്റം തുടങ്ങി ഏതെങ്കിലും തിരുത്തലുകൾ വരുത്തുവാൻ ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാഡമിക് വിവരങ്ങളിൽ മാത്രം (മാർക്കിലെ തിരുത്തലുകൾ ഉൾപ്പടെ) മാറ്റങ്ങൾ വരുത്താം. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുടർന്നുള്ള അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിച്ച കോളേജും കോഴ്സും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്ക് **ഒക്ടോബർ 15** വരെ ആപ്ലിക്കേഷൻ നമ്പർ, പാസ്വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം 'Reconsider' എന്ന ടാബ് (Tab) ഉപയോഗിച്ച് അവരെ വീണ്ടും പരിഗണിക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്. ഇത്തരം അപേക്ഷകരെ മൂന്നാം അലോട്ട്മെന്റിൽ പരിഗണിക്കുന്നതാണ്.

സർവകലാശാലയിൽ തിരുത്തൽ, Reconsider എന്നിവയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സ്വമേധയാ തന്നെ അവ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**കേരളസർവകലാശാല ഒന്നാം വർഷ ബിരുദപ്രവേശനം 2020 എയ്ഡഡ്, സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.**

കേരളസർവകലാശാല ഒന്നാം വർഷ ബിരുദപ്രവേശനം 2020 എയ്ഡഡ്, സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 വൈകിട്ട് 5 മണി വരെ.

| ക്രമ നമ്പർ | കോളേജ് | കോഴ്സ് |
|---|---|---|
| 1 | എസ്.ഡി.വി കോളേജ് ഓഫ് ആർട്സ് & അപ്ലയിഡ് സയൻസ്, ആലപ്പുഴ | ബി.കോം ഫൈനാൻസ് |
| 2 | മാർ ഇവാനിയസ് കോളേജ് ഓഫ് ആർട്സ്& സയൻസ്, മാവേലിക്കര | ബി.കോം ഫൈനാൻസ് |
| 3 | മാറ്റർ ഡി സി.എം.ഐ കോളേജ്, ഏനാത്ത്, പത്തനാപുരം | ബി.കോം കൊമേഴ്സ് & ടാക്സ് പ്രൊസിജിയർ & പ്രാക്ടീസ് |
| 4 | മാർ ക്രിസോസ്റ്റം കോളേജ്, അടൂർ | ബി.സി.എ |
| 5 | പി.എം.എസ്.എ പൂക്കോയത്തങ്ങൾ മെമ്മോറിയൽ ആർട്സ്& സയൻസ് കോളേജ്, കടയ്ക്കൽ | ബി.കോം കോ–ഓപ്പറേഷൻ |
| 6 | ക്രൈസ്റ്റ് നഗർ കോളേജ്, മാറനല്ലൂർ | ബി.എസ്.സി. സൈക്കോളജി |
| 7 | കെ.എൻ.എം ആർട്സ്& സയൻസ് കോളേജ്, കാഞ്ഞിരങ്കുളം, തിരുവനന്തപുരം. | ബി.എസ്.സി. കെമിസ്ട്രി |
| 8 | നാഷണൽ കോളേജ്, അമ്പലത്തറ | ബി.എസ്.സി. ഫിസിക്സ് & കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |
| 9 | എ.ജെ. കോളേജ് ഓഫ് സയൻസ് & ടെക്നോളജി. | ബി.എസ്.സി. ബോട്ടണി |
| 10 | ലൂർദ്സ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി, കുറ്റിച്ചൽ | ബി.വോക്ക് ഫുഡ് പ്രോസസിംഗ് & മാനേജ്മെന്റ് |
| 11 | ഡി.ബി. കോളേജ്, ശാസ്താംകോട്ട | ബി.വോക്ക് ഫുഡ് പ്രോസസിംഗ് & മാനേജ്മെന്റ് |
| 12 | ഡി.ബി. കോളേജ്, ശാസ്താംകോട്ട | ബി.വോക്ക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് |
| 13 | സെന്റ് മൈക്കൽസ് കോളേജ്, ചേർത്തല | ബി.വോക്ക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് |
| 14 | സെന്റ് മൈക്കൽസ് കോളേജ്, ചേർത്തല | ബി.വോക്ക് ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് |
| 15 | വൈറ്റ് മെമ്മോറിയൽ ആർട്സ്& സയൻസ് കോളേജ് ഫോർ വിമൺ, വെള്ളറട | ബി.എസ്.സി. കെമിസ്ട്രി |
| 16 | ശങ്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ടെക്നോളജി & മാനേജ്മെന്റ്, ചാത്തന്നൂർ | ബി.എ. ഇക്ണോമിക്സ് |
| 17 | സി.എച്ച്.എം.എം കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ചാവർകോട്, വർക്കല | ബി.എ. ഇംഗ്ലീഷ് |
| 18 | കെ.വി.എം. കോളേജ് ഓഫ് ആർട്സ് & സയൻസ്, ചേർത്തല | ബി.എസ്.സി. ബോട്ടണി & ബയോടെക്നോളജി |
| 19 | മാർ ബെസേലിയസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അഞ്ചൽ | ബി.വോക്ക് സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് |

**കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2020 സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.**

കേരളസർവകലാശാലയുടെ കീഴിലുള്ള സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 വൈകിട്ട് 5 മണി വരെ.

| ക്രമ നമ്പർ | കോളേജ് | കോഴ്സ് |
|---|---|---|
| 1 | സരസ്വതി കോളേജ് ഓഫ് ആർട്സ്& സയൻസ്, വിളപ്പിൽ, തിരുവനന്തപുരം | എം.എ. ഇംഗ്ലീഷ് |
| 2 | ശ്രീശങ്കര വിദ്യാപീഠം കോളേജ്, കിളിമാനൂർ | എം.എ. ഇംഗ്ലീഷ് |
| 3 | മാർത്തോമ കോളേജ് ഓഫ് സയൻസ് & ടെക്നോളജി, ആയൂർ | എം.എ. ഇംഗ്ലീഷ് |
| 4 | മദർ തെരേസ കോളേജ്, നെല്ലിക്കാട് , തിരുവനന്തപുരം | എം.എ. ഇംഗ്ലീഷ് |
| 5 | കോളേജ് ഓഫ് അപ്ലയിഡ് സയൻസ്, പെരിശ്ശേരി | എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് |
| 6 | വിഗ്യാൻ കോളേജ് ഓഫ് അപ്ലെയിഡ് സയൻസസ്, കാട്ടാക്കട | എം.എ. ഇംഗ്ലീഷ് |
| 7 | മരിയൻ കോളേജ് ഓഫ് ആർട്സ്& സയൻസ്, മേനംകുളം | എം.കോം |
| 8 | എൻ.എസ്.എസ്. ആർട്സ് & സയൻസ് കോളേജ്, പേരയം | എം.എ. ഇംഗ്ലീഷ് |
| 9 | ശ്രീ വിദ്യാധിരാജ കോളേജ് ഓഫ് ആർട്സ് & സയൻസ് | എം.എസ്.സി. ഫിസിക്സ് |
| 10 | എം.ജി.എം കോളേജ് ഓഫ് ആർട്സ് & സയൻസ്, കഠിനംകുളം | എം.കോം |

**ബി.എഡ്. ബിരുദപ്രവേശനം-ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം**

ഒന്നാം വർഷ ബി.എഡ് ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തുവാൻ അവസരം നൽകുന്നു. തിരുത്തലുകൾ വരുത്തി ക്കഴിഞ്ഞ് ഓപ്ഷനുകൾ ക്രമമനുസരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് 'Save and Refresh നൽകി 'Submit' ചെയ്തശേഷം പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. തിരുത്തലുകൾക്ക് വേണ്ടി സർവകലാശായെ സമീപിക്കേണ്ടതില്ല

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി പരീക്ഷ (2013 സ്കീം) ഡിസംബർ 2019, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ 2020 ഒക്ടോബർ 9 ന് നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ (13607-മൈക്രോപ്രോസസർ ലാബ്) 2020 ഒക്ടോബർ 13 ലേക്ക് മാറ്റിവെച്ചിരിക്കുന്നു. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

## പരീക്ഷ രജിസ്ട്രേഷൻ

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ (2017,2018 അഡ്മിഷൻ) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് അടച്ച് ചെയ്യാവുന്നതാണ്. പിഴ കൂടാതെ 2020 ഒക്ടോബർ 16 വരെയും 150 രൂപ പിഴയോടുകൂടി ഒക്ടോബർ 21 വരെയും 400 രൂപ പിഴയോടുകൂടി ഒക്ടോബർ 23 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

മൂന്നാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം/ എം.എസ്.ഡബ്ല്യു / എം.എം.സി ജെ (റെഗുലർ/ സപ്ലിമെൻററി) പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ 2020 ഒക്ടോബർ 8 ന് ആരംഭിച്ചിരിക്കുന്നു. പിഴകൂടാതെ 2020 ഒക്ടോബർ 16 വരെയും 150 രൂപ പിഴയോടുകൂടി ഒക്ടോബർ 21 വരെയും 400 രൂപ പിഴയോടുകൂടി ഒക്ടോബർ 23 വരെയും അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

## ഗ്രേസ് മാർക്ക്

കേരള സർവ്വകലാശാല എഫ്.ഡി.പി സി.ബി.സി.എസ് / സി.ആർ 2016-2019 അധ്യയനവർഷത്തിലെ ഗ്രേസ് മാർക്കിന് അർഹരായ വിദ്യാർഥികൾ (എൻ.എസ്.എസ്, എൻ.സി.സി, സ്പോർട്സ് മുതലായവ) ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ കോളേജ് തലത്തിലും ഗ്രേസ് മാർക്ക് ശുപാർശ ചെയ്യേണ്ട അതാത് വിഭാഗങ്ങളുടെ ഓഫീസിൽ നിന്നുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി കേരള സർവകലാശാല പരീക്ഷാ കൺട്രോളർക്ക് 2020 ഒക്ടോബർ 31നു മുൻപായി സമർപ്പിക്കേണ്ടതാണ്. അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല

## പരീക്ഷ ഫലം

2020 ജൂൺ മാസം നടത്തിയ (ആന്വൽ സ്കീം) അവസാന വർഷ ബി.എ പൊളിറ്റിക്കൽ സയൻസ് (ഓൺലൈൻ മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

2020 മാർച്ച് മാസം നടത്തിയ ബി.കോം (എസ്.ഡി.ഇ - 2017 അഡ്മിഷൻ അഞ്ചും ആറും സെമെസ്റ്ററുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 2020 ഒക്ടോബർ 13. വിശദ വിവരം വെബ്സൈറ്റിൽ.

# എം.എസ് .ഡബ്ലിയു , എം.എ.എച്ച്.ആർ.എം അഡ്മിഷൻ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസിലെ എം.എസ്.ഡബ്ല്യു , എം.എ.എച്ച്.ആർ.എം കോഴ്സിലേക്കുള്ള 2020-21 അധ്യയന വർഷത്തേക്കുള്ള അഡ്മിഷനു വേണ്ടിയുള്ള ഗ്രൂപ്പ് ഡിസ്കഷൻ, പേർസണൽ ഇൻറർവ്യൂ 2020 ഒക്ടോബർ 12ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**08.10.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**